"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ത.സ്വ.ഭ.വ. - സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ ഓഫീസിലെ KL 01 CS 9011 നമ്പർ വാഹനത്തിന്റെ ഡ്രൈവർ ആയി ശ്രീ.പ്രശാന്ത് പി.വി. യെ ദിവസവേതന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ (എഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2147/2025/LSGD തീയതി,തിരുവനന്തപുരം, 30-08-2025

പരാമർശം:-
1. 26.02.2016 തീയതിയിലെ സ.ഉ.(അച്ചടി) നം.28/2016/ധന. നമ്പർ ഉത്തരവ്.
2. 11.02.2021-ലെ സ.ഉ (അച്ചടി) നം.29/2021/ധന. നമ്പർ ഉത്തരവ്.
3. 28.03.2025-ലെ സ.ഉ.(സാധാ) നം.841/2025/തസ്വഭവ. നമ്പർ ഉത്തരവ്.
4. 26.08.2025-ലെ സ.ഉ.(സാധാ) നം.2113/2025/തസ്വഭവ. നമ്പർ ഉത്തരവ്.
5. ശ്രീ.പ്രശാന്ത്.പി.വി 27.08.2025 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

**ഉത്തരവ്**

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ നിയന്ത്രണത്തിലുള്ള KL 01 CS 9011 നമ്പർ വാഹനത്തിന്റെ ഡ്രൈവർ ആയി ശ്രീ.പ്രശാന്ത് പി.വി. യെ പരാമർശം (1), (2) ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി 01.03.2025 മുതൽ 179 ദിവസം പരാമർശം (3) പ്രകാരം ദിവസ വേതന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. 179 ദിവസത്തെ സേവന കാലാവധി പൂർത്തിയായതിനാൽ ടിയാനെ പരാമർശം (4) ലെ ഉത്തരവ് പ്രകാരം 26.08.2025-ന് സേവനത്തിൽ നിന്നും വിടുതൽ ചെയ്തിരുന്നു. പുനർ നിയമനം നൽകുന്നതിന് പരാമർശം (5) പ്രകാരം ശ്രീ പ്രശാന്ത് പി വി അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ ചുമതല വഹിക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഡീഷണൽ സെക്രട്ടറിയുടെ നിയന്ത്രണത്തിലുള്ള KL 01 CS 9011 നമ്പർ വാഹനത്തിന്റെ ഡ്രൈവർ ആയി ശ്രീ പ്രശാന്ത് പി.വി യെ (ശിവം, കോട്ടയിൽ, കാലടി, കരമന പി ഓ) സൂചന (1), (2) ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി 01.09.2025 മുതൽ 26.02.2026 വരെ 179 ദിവസത്തേക്ക് താഴെപ്പറയുന്ന വ്യവസ്ഥകളോടെ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലികമായി നിയമിച്ച് ഉത്തരവാകുന്നു.

1. ഈ നിയമന കാലയളവിൽ ടിയാന്റെ സേവനം തൃപ്തികരമല്ലാതെ വരികയോ സേവനം ആവശ്യമില്ലാതെ വരികയോ ചെയ്യുന്ന സാഹചര്യത്തിൽ മുൻകൂർ നോട്ടീസ് നൽകാതെ ടിയാന്റെ സേവനം നിർത്തലാക്കുന്നതിന് നിയമനാധികാരിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

2. ഈ നിയമനം പൂർണ്ണമായും ദിവസവേതന വ്യവസ്ഥയിൽ ആയിരിക്കുന്നതും, ആയതിന് പിന്നീട് സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനോ മറ്റു സർവ്വീസ് സംബന്ധമായ ആനുകൂല്യങ്ങൾക്കോ അവകാശം ഉണ്ടായിരിക്കുന്നതുമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R

അണ്ടർ സെക്രട്ടറി

ശ്രീ പ്രശാന്ത് പി.വി (ശിവം, കോട്ടയിൽ, കാലടി, കരമന പി ഓ, തിരുവനന്തപുരം).

അഡീഷണൽ സെക്രട്ടറി/സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ഇൻ ചാർജ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ഓഫീസ് കോപ്പി (AA4/59/2023-LSGD).

ഉത്തരവിൻ പ്രകാരം

Signed by
Jayakrishnan. K
Date: 30-08-2025 14:17:28

സെക്ഷൻ ഓഫീസർ